# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,**

**തിരുവനന്തപുരം -695004 , കേരളം.**

**ഫോൺ : +91471 2514472 2514527 2514455 2514608**

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


## സംഗ്രഹം

കോവിഡ് - 19 – മഹാമാരിയുടെ വ്യാപനംമൂലം സംജാതമായ പ്രത്യേക സാഹചര്യത്തിൽ KSEBL സർവ്വീസ് പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി വ്യവസ്ഥകൾക്ക് വിധേയമായി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ഓഫീസ് ഓർഡർ (സി.എം.ഡി) നം. 1354/2021(പി.എസ്.1(ബി)/69/2019 തിരുവനന്തപുരം. തീയതി : 02/12/2021

---

പരാമർശം : 1) ഓഫീസ് ഓർഡർ (സി.എം.ഡി) നം.1482/2020 (പി.എസ്.1 (ബി)/69/ 2019 തീയതി 18/11/2020.

2) ഓഫീസ് ഓർഡർ (സി.എം.ഡി) നം. 869/2021 (പി.എസ്.1 (ബി)/69/2019 തീയതി 29/07/2021.

3) സ.ഉ (സാധാ) നം. 7264/2021 /ധന തീയതി 10.11.2021.

## ഉത്തരവ്

കോവിഡ് - 19 മഹാമാരിയുടെ വ്യാപനംമൂലം സംജാതമായ പ്രത്യേക സാഹചര്യത്തിൽ KSEBL സർവ്വീസ് പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി 2021 മാർച്ച് 31 വരെയും തുടർന്ന് 2021 സെപ്റ്റംബർ 30 വരെയും ദീർഘിപ്പിച്ച് യഥാക്രമം മേൽ പരാമർശം (1) ഉം (2) ഉം പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കോവിഡ് - 19 – മഹാമാരിയുടെ ഭീക്ഷണി സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുന്നതിനാൽ, സംസ്ഥാനത്തെ സർക്കാർ സർവ്വീസ് / കുടുംബ പെൻഷൻകാരുടെ വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള കാലാവധി, ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 31.12.2021 വരെ ദീർഘിപ്പിച്ചു നൽകി പരാമർശം (3) പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിരിക്കുന്നു.

1. ഒരു പെൻഷണർ എന്നാണോ മസ്റ്ററിംഗ് ചെയ്യുന്നത്, ടി തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മസ്റ്ററിംഗ് വാലിഡിറ്റി ഉണ്ടായിരിക്കുന്നതാണ്.
2. ഒരു പെൻഷണർക്ക് മസ്റ്ററിംഗ് കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് സൗകര്യപ്രദമായ സമയത്ത് അടുത്ത മസ്റ്ററിംഗ് നടത്താവുന്നതും പ്രസ്തുത തീയതി മുതൽ അടുത്ത ഒരു വർഷത്തേയ്ക്ക് വീണ്ടും മസ്റ്ററിംഗ് കാലാവധി / വാലിഡിറ്റി ഉണ്ടായിരിക്കുന്നതുമാണ്.
3. 'Postinfo' ആപ്പ് സംവിധാനം വഴി പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് മസ്റ്ററിംഗിനായി പരിഗണിക്കുന്നതാണ്. പെൻഷണറുടെ വസതിയിൽ വന്ന് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ് പ്രസ്തുത സേവനം
4. കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംജാതമായ പ്രത്യേക സഹചര്യത്തിൽ സംസ്ഥാന സർവ്വീസ് / കുടുംബ പെൻഷൻകാരുടെ മസ്റ്ററിംഗ് നടത്തുന്നതിനുള്ള സാവകാശം ഉപയോഗപ്പെടുത്തി 31.12.2021 നകം ലൈഫ് സർട്ടിഫിക്കറ്റ് നൽകാത്തവർക്ക് / മസ്റ്ററിംഗ് നടത്താത്തവർക്ക് 01.02.2022 മുതൽ പെൻഷൻ അനുവദിക്കുന്നതല്ല.

ഈ സാഹചര്യത്തിൽ KSEB Ltd - ലെ സർവ്വീസ് പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള അവസാന തീയതി പരാമർശം (3) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പെൻഷൻകാരുടെ സൗകര്യാർത്ഥം വാർഷിക ലൈഫ് മസ്റ്ററിംഗ് ഓൺലൈനായി നടത്തുന്നതിന് KSEB Ltd -ന് അനുയോജ്യമായ ക്രമീകരണങ്ങൾ (Postinfo ആപ്പ് / 'Jeevan Pramaan' വെബ് സൈറ്റ് / മറ്റ് മൊബൈൽ ആപ്പുകൾ) ഏർപ്പെടുത്തുവാൻ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)നെ ചുമതലപ്പെടുത്തുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ജയശ്രീ. റ്റി.കെ**
**സെക്രട്ടറി (ഭരണം)**

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി) ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)/ ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം) ടി. എ ടു ഡയറക്ടർ (ജനറേഷൻ & ഇലക്ട്രിക്കൽ) ടി. എ ടു ഡയറക്ടർ (ജനറേഷൻ (സിവിൽ)/ ടി. എ ടു ഡയറക്ടർ (റീസ്, സ്പോർട്സ് & വെൽഫയർ) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

3/12/2021

സീനിയർ സൂപ്രണ്ട്